**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1576** **03-02-2026 - ൽ മറുപടിയ്ക്ക്**

**മട്ടന്നൂർ നിയോജക മണ്ഡലത്തിൽ മഴക്കെടുതിമൂലം മരിച്ചയാൾക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിൽ 2025 ജൂലൈ മാസം ഉണ്ടായ ശക്തമായ മഴയിൽ വീടിനു മുകളിൽ മരം കടപുഴകി വീണ് മരിക്കാൻ ഇടയായ ശ്രീ.എനിയാടൻ ചന്ദ്രൻ എന്നയാളുടെ കുടുംബത്തിന് ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | മട്ടന്നൂർ നിയോജക മണ്ഡലത്തിലെ കോളയാട് ഗ്രാമ പഞ്ചായത്തിൽ 2025 ജൂലായ് മാസം ഉണ്ടായ ശക്തമായ മഴയിൽ വീടിന് മുകളിൽ മരം കട പുഴകി വീണ് മരിക്കാൻ ഇടയായ ശ്രീ എനിയാടൻ ചന്ദ്രൻ എന്നവരുടെ കുടുംബത്തിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 4,00,000/-രൂപ (നാല് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുള്ളതാണ്. തുക അനുവദിച്ചതുമായി ബന്ധപ്പെട്ട് രേഖകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മട്ടന്നൂർ നിയോജക മണ്ഡലത്തിൽ ആകെ എത്രപേർക്ക് പട്ടയം നൽകാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മട്ടന്നൂർ നിയോജക മണ്ഡലത്തിൽ ആകെ 8128 പട്ടയം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ & കണ്ണൂർ ജില്ലാ കളക്ടറുടെ നടപടിക്രമം

(സാന്നിദ്ധ്യം : അരുൺ കെ വിജയൻ, ഐ എ എസ്)

വിഷയം :- ദുരന്തനിവാരണം - തലശ്ശേരി താലൂക്ക്, കോളയാട് വില്ലേജ് - ചന്ദ്രൻ എനിയാടൻ വീട് എന്നവർ പ്രകൃതി ക്ഷോഭം മൂലം മരണപ്പെട്ടത് - ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ദുരിതാശ്വാസ സഹായം അനുവദിച്ചു ഉത്തരവാകുന്നു

സൂചന :- 1. ശ്രീമതി എനിയാടൻ മാതു എന്നവരുടെ 16.08.25 ലെ അപേക്ഷ
2. തലശ്ശേരി തഹസിൽദാരുടെ 27.07.25ലെ TOTLY/3752/2025-H4 നമ്പർ കത്ത്
3. തലശ്ശേരി തഹസിൽദാരുടെ 23.09.25ലെ TOTLY/3752/2025-H4 നമ്പർ കത്ത്
4. സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(എം എസ്)നം 6/2023/ഡിഎംഡി, തീയതി 18.06.2023

റഫ് : DCKNR/9974/2025-DM1 തീയതി : 17-11-2025

ശക്തമായ കാറ്റിലും മഴയിലും വനത്തിലെ മരം വീണ് വീട് തകർന്ന് ഭർത്താവ് മരണപ്പെട്ടതിൽ മതിയായ നഷ്ടപരിഹാരം അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് കണ്ണൂർ വനം ഡിവിഷനിൽ കണ്ണവം റേഞ്ചിൽപ്പെട്ട കോളയാട് ഗ്രാമ പഞ്ചായത്തിലെ പെരുവ പ്രദേശത്തെ തെറ്റുമ്മൽ ട്രൈബൽ സെറ്റില്മെന്റിൽ താമസിക്കുന്ന ശ്രീമതി എനിയാടൻ മാതു എന്നവർ സൂചന (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി തലശ്ശേരി തഹസിൽദാർ സൂചന (2), (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 2025 ജൂലൈ 26ാം തീയതി രാത്രിയിൽ ഏകദേശം 1.15 മണിയോടെ ഉണ്ടായ ശക്തമായ കാറ്റും മുഴയും മൂലം കോളയാട് അംശം പെരുവ ദേശത്തെ എനിയാടൻ ചന്ദ്രൻ എന്നവരുടെ വീടിന് സമീപം മരങ്ങൾ വീണ് വീട് തകർന്ന് വീടിനുള്ളിൽ വിശ്രമിച്ചുകൊണ്ടിരുന്ന കുടുംബനാഥനായ എനിയാടൻ ചന്ദ്രൻ (78 വയസ്) സംഭവസ്ഥലത്ത് തന്നെ മരണപ്പെട്ടതായി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതാണ്. മരണപ്പെട്ട ചന്ദ്രൻ എന്നവരുടെ അവകാശികൾ ഭാര്യയായ മാതു എന്നവരും മക്കളായ നിജിഷ, നിഖിൽ എന്നിവരാണെന്നും തഹസിൽദാർ അറിയിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സംഭവവുമായി ബന്ധപ്പെട്ട് FIR പകർപ്പ്, പോസ്റ്റ്മോർട്ടം റിപ്പോർട്ട്, റേഷൻ കാർഡ്, ആശ്രിതരുടെ ആധാർ കാർഡ് പകർപ്പ് തുടങ്ങിയവയും റിപ്പോർട്ടിനൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. ടിയാൻ മരണപ്പെട്ടത് പ്രകൃതിക്ഷോഭം മൂലം ആയതിനാൽ

ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ധനസഹായം അനുവദിക്കാവുന്നതാണെന്നും തഹസിൽദാർ ശുപാർശ ചെയ്തിട്ടുണ്ട്.

പ്രകൃതിക്ഷോഭത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 4,00,000/-രൂപ വീതം (നാല് ലക്ഷം രൂപ മാത്രം) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് സൂചന (4) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ പ്രകൃതിക്ഷോഭത്തിൽ ജീവഹാനി സംഭവിച്ച തലശ്ശേരി താലൂക്കിലെ കോളയാട് അംശം പെരുവ ദേശത്ത് താമസിച്ചിരുന്ന എനിയാടൻ ചന്ദ്രൻ എന്നവരുടെ ആശ്രിതർക്ക് സൂചന (4) ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 4,00,000/-രൂപ (നാല് ലക്ഷം രൂപ മാത്രം) അനുവദിക്കുന്നതിന് **2245-02-111-99- Flood Ex gratia payments to bereaved families** എന്ന ശീർഷകത്തിൽ നിന്നും തഹസിൽദാർ, തലശ്ശേരിയ്ക്ക് തുക അനുവദിച്ചു ഉത്തരവാകുന്നു.

**DYC(DM),DCKNR**
ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർമാൻ &
ജില്ലാ കളക്ടർ, കണ്ണൂർ

//അംഗീകാരത്തോടെ//

Signed by
Sruthi K V
Date: 17-11-2025 12:14:12
ഡെപ്യൂട്ടി കളക്ടർ (ഡി എം)

പകർപ്പ്
1. സീനിയർ ഫിനാൻസ് ഓഫീസർ,കളക്ടറേറ്റ്, കണ്ണൂർ (**2245-02-111-99- Flood Ex gratia payments to bereaved families** എന്ന ശീർഷകത്തിൽ നിന്നും 4,00,000/-രൂപ (നാല് ലക്ഷം രൂപ മാത്രം) തഹസിൽദാർ,തലശ്ശേരി ന് അനുവദിക്കേണ്ടതാണ് )
2.തഹസിൽദാർ, തലശ്ശേരി

ഇത് കമ്പ്യൂട്ടർ ജനറേറ്റ് ചെയ്ത പ്രമാണം ആയതിനാൽ മാന്വൽ ഒപ്പ് ആവശ്യമില്ല. ഈ കത്തിന്റെ ആധികാരികത പരിശോധിക്കുന്നതിന് https://eoffice.kerala.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കാവുന്നതാണ് .

**<u>തലശ്ശേരി തഹസിൽദാരുടെ നടപടിക്രമം</u>**

**(ഹാജർ: VIJESH M)**

വിഷയം : വിഷയം : ദുരന്തനിവാരണം - തലശ്ശേരി താലൂക്ക്, കോളയാട് വില്ലേജ് ചന്ദ്രൻ എനിയാടൻ വീട് എന്നവർ പ്രകൃതി ക്ഷോഭം മൂലം മരണപ്പെട്ടത് ആശ്രിതർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ദുരിതാശ്വാസ സഹായം അനുവദിച്ച ഉത്തരവാകുന്നു

സൂചന : 1. ശ്രീമതി എനിയാടൻ മാതു എന്നവരുടെ 16.08.25 ലെ അപേക്ഷ

2. സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(എം എസ്) നം6/2023/ഡിഎംഡി, തീയതി 18.06.2023
3.ജില്ലാകളക്ടറുടെ17-10-2025തീയ്യതിയിലെDCKNR/9974/2025-DM1 നമ്പർ ഉത്തരവ്

---

TOTLY/3752/2025-H4 10-12-2025

---

ദുരന്ത നിവാരണം -തലശ്ശേരി താലൂക്ക് കോളയാട് വില്ലേജിൽ ചന്ദ്രൻ എനിയാടൻ വീട് എന്നവർ പ്രകൃതിക്ഷോഭ ത്തിൽ മരണപ്പെട്ടിരുന്നു ആയതിനാൽ സംസ്ഥാന പ്രതികരണ നിധിയിൽ നിന്നും ടിയാൻറെ കുടുമ്പത്തിനു 400000/ -(നാലുലക്ഷം ) രൂപ ദുരിതാശ്വാസ സഹായം അനുവദിച്ച് സൂചന (3 )പ്രകാരംജില്ലാ കളക്ടറിൽ നിന്നും ഉത്തരവായിട്ടുണ്ട്

പ്രകൃതിക്ഷോഭത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് 4,00,000/-രൂപ (നാല് ലക്ഷം രൂപ മാത്രം) വീതം സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് സൂചന (2) പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ പ്രകൃതിക്ഷോഭത്തിൽ ജീവഹാനി സംഭവിച്ച തലശ്ശേരി താലൂക്കിലെ കോളയാട് അംശം പെരുവ ദേശത്ത് താമസിച്ചിരുന്ന എനിയാടൻ ചന്ദ്രൻ എന്നവരുടെ ആശ്രിതരായ ഭാര്യ എനിയാടൻ മാതു മക്കളായ നിഖിൽ ,നിഖില എന്നവർക്ക് അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

പ്രസ്തുത തുക 2245-02-111-99- Flood Ex gratia payments to bereaved families എന്ന ശീർഷകത്തിൽ നിന്നും എനിയാടൻ മാതു മക്കളായ നിഖിൽ ,നിഖില എന്നവരുടെ ജോയിൻറ് അക്കൗണ്ട് നമ്പറായ 40434101083879 IFSC KLGB0040434 ൽ നിക്ഷേപിക്കേണ്ടതും മതിയായ രസീത് സൂക്ഷിക്കേണ്ടതുമാണ്.

Signed by
TAHSILDAR
Vijesh M
Date: 10-12-2025 12:36:17

പകർപ്പ് :സബ് ട്രഷറി തലശ്ശേരി
:ജെ എസ് ബി സെക്ഷൻ തലശ്ശേരി താലൂക്ക്
:കക്ഷിക്ക്

# ACKNOWLEDGEMENT RECEIPT

| | |
|---|---|
| Bill Reference Number ( BRN ) | 25220 361B0 11009 92829 |
| Name of Treasury | Sub Treasury, Thalassery |
| Name of Department | Land Revenue |
| DDO Code | 220361B011 |
| Designation of DDO | Tahasildar |
| Name of Office | Taluk Office Thalassery |

## TREASURY PASSING DETAILS

| | |
|---|---|
| Counter Date | 12-12-2025 |
| Treasury Reference No. ( TRN ) | 252203000000021264 |
| Accounting Date | 12-12-2025 |

## DETAILS OF PAYMENT

| | |
|---|---|
| Credit To | Bank Account |
| Name of Beneficiary | MATHU ENIYEDICHI NIKHIL A NIKHISHA A |
| IFS Code | KLGB0040434 |
| Account Number | 40434101083879 |
| Amount | 400000.00 |
| Purpose | Flood ex graitia payment |
| RBI Ref. No. | 25220361B011009928290000011 |
| UTR Number | /XUTR/RBISH00207106526 |
| Credit Status | DELIVERED |
| Credit Date | 12-12-2025 |

BIMS 2.0

Date Signature of DDO